DISPATCHED
On..22/06/2020

22/05/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 335*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **1793**/*എസ്.ഐ.സി-ജി 6/14*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി ശൈലജ കെ.വി.,
സൗപർണ്ണിക, ഉദിനൂർ പി.ഒ.,
തൃക്കരിപ്പൂർ, കാസറഗോഡ് ജില്ല,
പിൻ – 671 310.
} **അപ്പീൽ ഹർജിക്കാരി**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
നെഹ്റു ആർട്സ് & സയൻസ് കോളേജ്,
കാഞ്ഞങ്ങാട്, കാസറഗോഡ് ജില്ല.

2. അപ്പീൽ അധികാരി,
നെഹ്റു ആർട്സ് & സയൻസ് കോളേജ്,
കാഞ്ഞങ്ങാട്, കാസറഗോഡ് ജില്ല.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.10.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.10.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19.11.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 30.01.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 04.02.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ഷൈലജ കെ.വി.,

30.01.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 04.02.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.335(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ലെന്നും ടി വീഴ്ച വരുത്തിയ ഉദോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരി 08.10.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 11.10.2013ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 19.11.2013ന് മറുപടി നൽകിയതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 22.03.2014ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയ്ക്ക് അയച്ചുകൊടുക്കാൻ കഴിയാവുന്ന രേഖകൾ അയച്ചുകൊടുത്തിട്ടുണ്ടെന്നും 18.11.2013ന് കോളേജ് ഓഫീസ് പ്രവർത്തിച്ചില്ല എന്നു ഹർജിക്കാരിയുടെ അപ്പീലിൽ സൂചിപ്പിച്ചത് ശരിയല്ലെന്നും ടി ദിവസം കോളേജ് ഓഫീസിലെ സ്റ്റാഫുകളെല്ലാം ഓഫീസിൽ ഉണ്ടായിരുന്നതിന്റെ രേഖകൾ കോളേജിലുണ്ടെന്നും പേഴ്സണൽ ഹീയറിംഗ് മാറ്റിവയ്ക്കണമെന്ന് ടിയാൾ ആവശ്യപ്പെടുകയോ ഫോൺമുഖാന്തിരം അറിയിക്കുകയോ ചെയ്തിരുന്നില്ലെന്നും എങ്കിലും ഹർജിക്കാരിയുടെ ഒന്നാം അപ്പീൽ പരിഗണിക്കുകയും മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും അസിസ്റ്റന്റ് പ്രൊഫസർ(ഹിന്ദി) തസ്തികയുടെ നിയമനവുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും ആയതിൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ യോഗ്യത സംബന്ധിച്ച വിവരം നൽകിയില്ലെന്നും ടി ഉദ്യോ

ഗാർത്ഥികൾ വിസമ്മതം അറിയിച്ചതിനാലാണ് നൽകാത്തതെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ അപ്രകാരം വിസമ്മതം അറിയിച്ചുകൊണ്ട് നൽകിയ കത്തിന്റെ രേഖാമൂലമുള്ള പകർപ്പ് ഒരാഴ്ചയ്ക്കകം ഒന്നാം എതിർകക്ഷി കമ്മീഷനിൽ അയച്ചു നൽകണമെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/